LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഹു. പ്രതിപക്ഷ നേതാവ് 13-10-2015-ൽ സർക്കാരിൽ ലഭ്യമാക്കിയ പരാതി 15-10-2015-ൽ സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിലേക്ക് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്.

(ബി) ഉണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) SNDP യോഗം സമർപ്പിച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ Field Inspection നടന്നുവരുന്നു.

എൻ.ജി.ഒ.-കൾക്ക് നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പയുടെ ദുരുപയോഗം

325 (1014) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻവഴി എൻ.ജി.ഒ.-കൾക്ക് നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പ ദുരുപയോഗം ചെയ്യാൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണന്ന് വ്യക്തമാക്കുമോ;

(ബി) എസ്.എൻ.ഡി.പി. യോഗം വായ്പ ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വായ്പ ദുരുപയോഗം/തട്ടിപ്പ് സംബന്ധിച്ച് ഏതെങ്കിലും സംഘങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ സാമൂഹ്യ സന്നദ്ധ സംഘങ്ങളിൽ നിന്നോ പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) വായ്പ വിനിയോഗം സംബന്ധിച്ച് കോർപ്പറേഷന് ഏതെങ്കിലും ജില്ലാ മാനേജർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ബി.സി.ഡി.സി. NGO-കൾക്ക് നൽകുന്ന വായ്പ ദുരുപയോഗം ചെയ്താൽ misutilisation ആയി കണക്കാക്കി സാധാരണ പലിശയായ 3% കൂടാതെ 12% അധിക പലിശ ഈടാക്കാൻ വായ്പാ കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അപ്രകാരം വായ്പാ തുക തിരിച്ചുപിടിക്കുന്നതാണ്.

(ബി) പരിശോധിച്ചു വരുന്നു.

(സി&ഡി) ബഹു. പ്രതിപക്ഷ നേതാവിൽനിന്നു പരാതി ലഭിച്ചിട്ടുണ്ട്. മറ്റ് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചുവരുന്നു.

(ഇ) വെരിഫിക്കേഷൻ റിപ്പോർട്ട് ജില്ലാ മാനേജർമാരിൽനിന്നും ശേഖരിച്ചു വരുന്നു.

സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി

326 (1015) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ചെയ്യുന്നതിന് ഭരണാനുമതി നൽകിയ കുന്നംകുളം നിയോജകമണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ വരുന്ന കടങ്ങോട്ട് പഞ്ചായത്തിലെ കുഴിപ്പോത്ത് കോളനിയിലെ വിവിധ പ്രവൃത്തികൾ എതുഘട്ടത്തിലാണ് ; എതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) കഴിവതും വേഗത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമമായി മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കുന്നകുളം നിയോജക മണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ വരുന്ന കടങ്ങോട്ട് പഞ്ചായത്തിലെ കുഴിപ്പോത്ത് കോളനിയിലെ വികസന പ്രവർത്തനങ്ങളിൽ പുതിയ ടാർ റോഡ് നിർമ്മാണം, റോഡ് മെറ്റലിംഗ്

LIBRARY ARCHIVES Kerala Legislative Assembly